(എ) കൊപ്രയാട്ടി എണ്ണയാക്കുന്ന വ്യവസായത്തിലേർപ്പെട്ടിട്ടുള്ള എത്ര എണ്ണയാട്ടുമില്ലുകൾ ഇപ്പോൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര എണ്ണയാട്ടു മില്ലുകൾ ഉണ്ടായിരുന്നു;

(സി) കേരഫെഡിന്റെ കൊപ്രയാട്ടുന്നതിനുള്ള മില്ലിന്റെ സ്ഥാപിത ശേഷി എത്രയാണ്;

(ഡി) അവിടെ ശരാശരി എത്ര വെളിച്ചെണ്ണ ദിനംപ്രതി ആട്ടി എടുക്കുന്നുണ്ട്;

(ഇ) ഈ മില്ലിന്റെ സ്ഥാപിത ശേഷി മുഴുവൻ ഉപയോഗിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കേരഫെഡിന്റെ കരുനാഗപ്പള്ളി കൊപ്രയാട്ടു മില്ലിന്റെ സ്ഥാപിതശേഷി ദിനംപ്രതി 200 മെട്രിക് ടൺ (കൊപ്ര) ആണ്.

(ഡി) ദിനംപ്രതി ശരാശരി 22 മെട്രിക് ടൺ വെളിച്ചെണ്ണ ആട്ടിയെടുക്കുന്നുണ്ട്.

(ഇ) ഈ മില്ലിന്റെ സ്ഥാപിതശേഷി മുഴുവൻ ഉപയോഗിക്കുന്നില്ല. സ്ഥാപിതശേഷിയുടെ ഉപയോഗം വെളിച്ചെണ്ണയുടെ വിപണിയും കൊപ്രയുടെ ലഭ്യതയും ആശ്രയിച്ചാണിരിക്കുന്നത്.

25 (549) വ്യവസായപാർക്ക് ആരംഭിക്കുന്നതിന് നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് വേണ്ടിവരുന്ന സ്ഥലം പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകുമോ;

(സി) ഈ വർഷത്തിൽത്തന്നെ വ്യവസായപാർക്ക് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ആറൻമുള നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് നിർദ്ദേശിച്ച സ്ഥലം സിഡ്കോയിലെ എഞ്ചിനീയർമാർ പരിശോധിച്ചിട്ടുണ്ട്. എന്നാൽ സ്ഥലം വില കൊടുത്ത് വാങ്ങേണ്ടതിനാൽ തൽക്കാലം അത് ഏറ്റെടുക്കാൻ സിഡ്കോയ്ക്ക് നിവൃത്തിയില്ല.

(സി) സൗജന്യമായി സ്ഥലം ലഭ്യമായാൽ ഈ വർഷം തന്നെ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly